E5

**സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ**
**(ഹാജർ : ഷീബ ജോർജ്ജ് IAS)**

തിരുവനന്തപുരം

ഉത്തരവ് നം:ഇ 5-2881/2020-SJD

തീയതി: 24/08/2020

വിഷയം :- സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം - ഡയറക്ടറേറ്റ് -വിജിലൻസ് സെൽ പുന:സംഘടിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1 സ.ഉ (എം എസ്) നം.47/09/SWD , തിയതി : 31.10.2009.

2 സ.ഉ (എം എസ്) നം.71/2010/SWD , തിയതി : 24.09.2010.

3 ഈ കാര്യാലയത്തിലെ 03.01.2017 ലെ ഇ 5-41699/16 നം ഉത്തരവ്.

4 ഈ കാര്യാലയത്തിലെ 05.04.2018 ലെ ഇ 5-4027/18 നം ഉത്തരവ്

സാമൂഹ്യനീതി ഡയറക്ടറേറ്റിൽ ഒരു വിജിലൻസ് സെൽ സ്ഥാപിച്ച് കൊണ്ടും ആയത് പുന:ക്രമീകരിച്ച് കൊണ്ടും പരാമർശം (1),(2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (3) (4) പ്രകാരം ഡയറക്ടേറ്റിൽ വിജിലൻസ് സെൽ പുന:സ്ഥാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.എന്നാൽ വകുപ്പ് വിഭജനത്തിന്റെ ഭാഗമായി ടി വിജിലൻസ് സെല്ലിലുൾപ്പെട്ട ജീവനക്കാർ വനിത ശിശു വികസന വകുപ്പിലായ സാഹചര്യത്തിൽ സാമൂഹ്യനീതി ഡയറക്ടറേറ്റിലെ വിജിലൻസ് സെൽ പുന:സംഘടിപ്പിച്ച് ഉത്തരവാകേണ്ടതുണ്ട്.

ഈ സാഹചര്യത്തിൽ വകുപ്പ് തല പരിശോധനകൾ ശക്തമാക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും ചുവടെ പേര് ചേർത്തിരിക്കുന്ന ജീവനക്കാരെ ഉൾപ്പെടുത്തി സാമൂഹ്യനീതി ഡയറക്ടറേറ്റിലെ വിജിലൻസ് സെൽ പുന :സംഘടിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ശ്രീ .സുഭാഷ് കുമാർ. കെ. വി , അസിസ്റ്റന്റ് ഡയറക്ടർ (വിജിലൻസ് ഓഫീസർ).
2. ശ്രീ .ശിവദാസ് .എം .എസ് , ജൂനിയർ സൂപ്രണ്ട് (എഫ് സെക്ഷൻ).
3. ശ്രീ. ശ്രീകുമാർ. ജി. , സീനിയർ ക്ലാർക്ക് (ഡി- സെക്ഷൻ).

(ഒപ്പ്)
സാമൂഹ്യനീതി ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ് :

1. ഡയറക്ടറുടെ സി.എ.
2. എല്ലാ യൂണിറ്റ് ഓഫീസർമാർക്കും സെക്ഷൻ മേധാവികൾക്കും
3. വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
4. സ്റ്റോക്ക് ഫയൽ/സ്പെയർ.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്